**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4233** **06-03-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിലെ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള ടെണ്ടർ സേവിംഗ്സ് എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തരംതിരിച്ച് നൽകാമോ; | (എ) | ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ ആണ് പ്രാബല്യമുള്ളത്. ആയതിനാൽ കുണ്ടറ നിയോജക മണ്ഡലത്തിലെ 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>**സാമ്പത്തിക വർഷം ടെണ്ടർ സേവിംഗ്സ്**<br><br>2017-18 6,72,989/-<br><br>2018-19 31,61,229/-<br><br>2019-20 19,88,176/-<br><br>2020-21 17,18,502/- |
| (ബി) | പ്രസ്തുത ടെണ്ടർ സേവിംഗ്സ് വഴി ലഭിക്കുന്ന തുകയ്ക്കുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ടെൻഡർ സേവിങ്സുമായി ബന്ധപ്പെട്ട് നിലവിലെ മാർഗ്ഗരേഖകളിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുള്ള 17.12.2022 ലെ സ.ഉ.(അച്ചടി) നം.145/2022/ധന ഉത്തരവ് (അനുബന്ധമായി ചേർക്കുന്നു) പ്രകാരം "പ്രയോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL)തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കുന്നില്ല " |

സെക്ഷൻ ഓഫീസർ

*"ഭരണഭാഷ — മാതൃഭാഷ"*

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2018-19 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ - ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(അച്ചടി) നം.145/2022/ധന.** **തിരുവനന്തപുരം, തീയതി 17/12/2022.**

---

**പരാമർശം :** 1. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04/08/2018.
2. സ.ഉ.(അച്ചടി) നം.40/2022/ധന തീയതി 31/03/2022.

**ഉത്തരവ്**

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷം മുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗ നിർദേശങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2.8 ലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരാമർശം (2) ഉത്തരവ് പ്രകാരം ഖണ്ഡിക 2.8(a) ആയി ഭേദഗതി വരുത്തിയിരുന്നു. ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് എന്ന് ഉദ്ദേശിക്കുന്നത് ഭരണാനുമതി തുകയിൽ നിന്നും ബിൽ തുക കുറവ് ചെയ്യുന്ന തുകയാണോ അല്ലെങ്കിൽ ടെണ്ടർ തുകയിൽ നിന്നും കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ള തുക കുറയ്ക്കുന്നതാണോ എന്നതിനെ സംബന്ധിച്ച് നിരവധി സംശയങ്ങൾ ബഹു.എം.എൽ.എ. മാരിൽ നിന്നും ഉയർന്നു വന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള തുക, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെക്കാളും കുറവാകുന്ന അവസരങ്ങളിൽ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയും (Estimated PAC) അംഗീകരിച്ച കരാർ തുകയും (Agreed PAC) തമ്മിലുള്ള വ്യത്യാസമാണ് ടെണ്ടർ സേവിംഗ്സ് ആയി പരിഗണിച്ചു വരുന്നത്. അംഗീകരിച്ച ടെണ്ടർ പ്രകാരമുള്ള തുക, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെക്കാളും കൂടുതലാകുന്ന അവസരങ്ങളിൽ, അംഗീകരിച്ച കരാർ പ്രകാരമുള്ള തുകയും (Agreed PAC) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയും (Estimated PAC) തമ്മിലുള്ള വ്യത്യാസമാണ് ടെണ്ടർ എക്സസ് ആയി പരിഗണിച്ചു വരുന്നത്. കൂടാതെ ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക (Estimated PAC) നിശ്ചയിക്കുന്നത് സാങ്കേതികാനുമതി തുകയെ (Technical Sanction Amount) അടിസ്ഥാനമാക്കിയാണ്, ഭരണാനുമതി തുകയെ (Administrative Sanction Amount) അടിസ്ഥാനമാക്കിയല്ല. പരാമർശ ഉത്തരവുകളിലെ ഖണ്ഡിക 2.8, 2.8 (a) എന്നിവയിലെ ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ട വ്യവസ്ഥകളും ഖണ്ഡിക 2.9- ലെ വ്യവസ്ഥയും ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"പ്രായോഗികമായി, ഒരു പ്രവൃത്തി പൂർത്തിയാക്കി അന്തിമ ബിൽ (FINAL BILL) തയ്യാറാക്കി കഴിഞ്ഞാൽ മാത്രമേ ആ പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് മനസ്സിലാക്കാൻ കഴിയൂ എന്നതിനാൽ, ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ, പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ

ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് (Actual Savings) ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെണ്ടർ എക്സസിനു വേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനു വേണ്ടിയോ വിനിയോഗിക്കാവുന്നതാണ്. കൂടാതെ ഒരു സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ പരിഗണിക്കുമ്പോൾ പരമാവധി പ്രവൃത്തികളുടെ എണ്ണം 20 എന്ന നിബന്ധനയും 5 കോടി രൂപ എന്ന പരിധിയും നിഷ്കർഷിക്കേണ്ടതില്ല."

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയൻ.പി.വി**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II)കേരള, തിരുവനന്തപുരം.
ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. മന്ത്രിമാരുടെയും ബഹു. പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ എം.എൽ.എ. മാർക്കും
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർക്ക്
അഡീഷണൽ സെക്രട്ടറി, ധനകാര്യ പരിശോധനാ വിഭാഗം
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
എല്ലാ ട്രഷറി ഓഫീസർമാർക്കും
നോഡൽ ഓഫീസർ, ctfmweb@gmail.com
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (File.No.2156015/NC.B3/111/2022/FIN)

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ